ഭരണഭാഷ മാതൃഭാഷ

സ്പോർട്സ്1/858504/2022/ഡി.ജി.ഇ

പൊതുവിദ്യാഭ്യാസ ഡയറക്ടറുടെ കാര്യാലയം

തിരുവനന്തപുരം, തീയതി: 10 /05/2023

വിഷയം:- പൊ.വി- സ്പോർട്സ് - 2022-23 വർഷത്തെ സ്പോർട്സ് ഗ്രേസ് മാർക്ക് നൽകുന്നതിനുള്ള മാനദണ്ഡങ്ങൾ -സംബന്ധിച്ച്

സൂചന:- 1. സ.ഉ (സാധാ) നമ്പർ 2534/2023/പൊ.വി.വ തീയതി.20/04/2023
2. പൊതുവിദ്യാഭ്യാസ ഡയറക്ടറുടെ തീയതിയിലെ ഇതേ നമ്പർ സർക്കുലർ
3. സ.ഉ.(സാധാ )നം 2828/2023/പൊ വി തീയതി:10/05/023

## പരിപത്രം

2022-23 വർഷത്തെ സ്പോർട്സ് സർട്ടിഫിക്കറ്റുകൾക്ക് ഗ്രേസ്മാർക്ക് നൽകുന്നതിനായി സൂചന (1) പ്രകാരം ഉത്തരവായിട്ടുള്ളതും ആയതിൻ പ്രകാരമുള്ള വ്യക്തമായ മാർഗ്ഗനിർദേശങ്ങൾ സൂചന (2) പ്രകാരം അറിയിച്ചിട്ടുള്ളതുമാണ് . എന്നാൽ സൂചന 1 ലെ ഉത്തരവിൽ ഗ്രേസ് മാർക്ക് ലഭിക്കേണ്ടതായ ചില വിഭാഗങ്ങൾ വിട്ടു പോയിട്ടുണ്ടെന്നും ആയതു കൂടി പരിഗണിക്കണമെന്നുള്ള പൊതു വിദ്യാഭ്യാസ വകുപ്പിന്റെ ശുപാർശ അംഗീകരിച്ച് ദേശീയ തല പങ്കാളിത്തത്തിന് 22 മാർക്ക് അനുവദിച്ചു കൊണ്ട് സൂചന 3 പ്രകാരം ഉത്തരവായിരിക്കുകയാണ് . ഈ സാഹചര്യത്തിൽ എല്ലാ പ്രധാന അധ്യാപകരും/പ്രിൻസിപ്പൽമാരും സൂചന 2 പരിപത്രത്തിലെ മാർഗനിർദേശങ്ങൾക്കനുസൃതമായി അപേക്ഷകൾ സ്വീകരിക്കേണ്ടതും . 12.05.2023 വൈകുന്നേരം 5 മണിക്കു മുൻപായി വിദ്യാഭ്യാസ ഉപ ഡയറക്ടർമാർക്ക് സമർപ്പിക്കേണ്ടതുമാണ്. വിദ്യാഭ്യാസ ഉപഡയറക്ടറുടെ കാര്യാലയത്തിൽ ലഭിക്കുന്ന അപേക്ഷകളും, അനുബന്ധ രേഖകളും പ്രത്യേക ദൂതൻ മുഖേന 13.05.2023 ശനിയാഴ്ച രാവിലെ 10 മണിക്ക് മുൻപായി ഈ ഓഫീസിലെ സ്പോർട്സ് സെക്ഷനിൽ എത്തിക്കേണ്ടതാണെന്നുകൂടി അറിയിക്കുന്നു

പൊതുവിദ്യാഭ്യാസ ഡയറക്ടർക്ക് വേണ്ടി

1. എല്ലാ വിദ്യാഭ്യാസ ഉപഡയറക്ടർമാർക്കും (താങ്കളുടെ അധികാര പരിധിയിൽ വരുന്ന എല്ലാ ഹൈസ്കൂൾ പ്രധാന അധ്യാപകർക്കും അറിവിലേക്കായി അയച്ചു കൊടുക്കേണ്ടതാണ് )
2. പ്രധാന അധ്യാപകർക്കും